(സി) തൃശൂർ താലൂക്ക്

ചൂലിശ്ശേരി, വെളപ്പായ, ചിറ്റിലപ്പള്ളി, പുറനാട്ടുകര, ചാലക്കൽ, വിൽവട്ടം, കുറിഞ്ഞിക്കര, കണിമംഗലം, ചേർപ്പ്, ആറാട്ടുപുഴ, വല്ലച്ചിറ, പള്ളിപ്പുറം, കോട്ടക്കൽ, മാന്ദാമംഗലം, മരത്താക്കര, ആവിണിശ്ശേരി, വെങ്ങണിശ്ശേരി, എറവ്പുള്ള്, ആലപ്പാട്, കിഴുപ്പിള്ളിക്കര.

മുകുന്ദപുരം താലൂക്ക് - കരുമത്ര, വടക്കുംഭാഗം, മടത്തുപടി

കൊടുങ്ങല്ലൂർ താലൂക്ക് - ആല, ചെംത്രാപിന്നി, കുളിമുട്ടം.

തലപ്പിള്ളി താലൂക്ക് - മായന്നൂർ, കണ്ടാണശ്ശേരി, എരനെല്ലൂർ കണിപ്പയ്യൂർ, ചെമ്മനംതിട്ട.

ചാവക്കാട് താലൂക്ക് -കടപ്പുറം, കുണ്ടലിയൂർ, എടക്കുഴിയൂർ, വൈലത്തൂർ.

വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി

55 (866) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ പനച്ചിക്കൽ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം നിർത്തിവച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) കെട്ടിടം പണി പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം ; ഇത് അടിയന്തിരമായി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വില്ലേജ് ഓഫീസിന്റെ സ്ഥലത്തെ സംബന്ധിച്ച് മുൻസിഫ് കോടതിയിൽ ഒ. എസ്. 374/94 നമ്പരായി കേസ് ഫയൽ ചെയ്യുകയും കോടതി നിരോധന ഉത്തരവ് നൽകുകയുമുണ്ടായി. പ്രസ്തുത കേസ് സർക്കാരിന് അനുകൂലമായി കോടതിവിധി പ്രഖ്യാപിച്ചുവെങ്കിലും പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. അപ്പീൽ കേസിൽ നിരോധന ഉത്തരവ് ഇല്ലാത്തതിനാൽ ഈ സാമ്പത്തികവർഷം തന്നെ പണി പൂർത്തീകരിക്കുവാൻ നിർമ്മിതി കേന്ദ്രത്തിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ചെലവൂർ വില്ലേജാഫീസിലെ അസൗകര്യങ്ങൾ

56 (867) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ചെലവൂർ വില്ലേജാഫീസിലെ അസൗകര്യങ്ങൾ മൂലം പൊതുജനങ്ങൾ നേരിടുന്ന പ്രയാസങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് ഈ ഓഫീസ് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly